Draft #2 of File 19972/AC A1-1/2020/VC SECTION (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 22-Jan-2021 08:34 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിനായി പരിഗണിക്കുന്നതിന് പകരം അധികമായി നൽകുന്ന അസൈൻമെന്റ്/വൈവ എന്നിവയുടെ മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കുവാൻ തീരുമാനിച്ചുകൊണ്ടു പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 516/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.01.2021

---

*പരാമർശം:-*1. സർവ്വകലാശാല ഉത്തരവ് നം. 5382/ACA1/2020/എം.ജി.യൂ തീയതി. 13.11.2020

2. കുറവിലങ്ങാട് ദേവമാതാ കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച 19.11.2020 തീയതിയിലെ കത്ത്.

3. മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറി സമർപ്പിച്ച 17.11.2020 തീയതിയിലെ പരാതി.

4. 07.01.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി- അക്കാദമിക് അഫയേഴ്സിന്റെ മിനിറ്റ്സ് ഇനംനം.19972/2020.

5. വൈസ്- ചാൻസിലറുടെ 14.01.2021 തീയതിയിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിനായി പരിഗണിക്കുന്നതിന് പകരം അധികമായി നൽകുന്ന അസൈൻമെന്റ്/വൈവ എന്നിവയുടെ മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കുവാൻ തീരുമാനിച്ചുകൊണ്ടു പുറപ്പെടുവിച്ച പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ സ്പഷ്ടീകരണം തേടിക്കൊണ്ട് പ്രിൻസിപ്പാൾ, ദേവമാതാ കോളേജ്, കുറവിലങ്ങാട്, എം.ജി യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറി എന്നിവർ പരാമർശം (2) & 3) പ്രകാരം പരാതികൾ സമർപ്പിച്ചിരുന്നു. ടി പരാതികൾ പരിഗണിച്ച സിൻഡിക്കേറ്റ് ഉപസമിതി - അക്കാദമിക് അഫയേഴ്സ്, പരാമർശം (4) പ്രകാരം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. സർവ്വകലാശാല ഉത്തരവ് നമ്പർ 5382/ACA1/2020/MGU തീയതി. 13.11.2020 പ്രകാരം ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിനായി പരിഗണിക്കുന്നതിന് പകരം, അധികമായി നൽകുന്ന അസൈൻമെന്റ്/സെമിനാർ/വൈവ എന്നിവയുടെ മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കുന്നതാണ്. ഓൺലൈൻ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ വിദ്യാർത്ഥികളുടെ ഹാജർ രേഖപ്പെടുത്തി കോളേജ് ഓഫീസിൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഹാജരാക്കേണ്ടതാണ്.

2. 75% ശതമാനം ഹാജരുണ്ടെങ്കിലേ സർവ്വകലാശാല പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളു എന്ന സർവ്വകലാശാല നിയമം കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 അക്കാദമിക വർഷം റെഗുലർ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് നിർബന്ധമാക്കേണ്ടതില്ല എന്ന് ശിപാർശ ചെയ്യുന്നു.

പരാമർശം (4) പ്രകാരമുള്ള തീരുമാനങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് അംഗീകരിച്ചുകൊണ്ട് പരാമർശം (5) പ്രകാരം വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

പരാമർശം(1) സർവ്വകലാശാല ഉത്തരവ് ഇതിനാൽ ഭേദഗതി ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട അഫിലിയേറ്റഡ് കോളേജുകൾ/ പഠന വകുപ്പുകൾ
2. പ്രിൻസിപ്പാൾ,ദേവമാതാ കോളേജ്, കുറവിലങ്ങാട്
3. യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറി
4. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ
5. രജിസ്ട്രാർ/എഫ് ഒ/സി .ഇ എന്നിവരുടെ പി എ മാർ
6. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്/പരീക്ഷ)
7. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ/ഐ.ക്യു.എ.സി / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
8. എസിസി1/എസിസി2/എ റ്റി ആർ /CITAD
9. കരുതൽ ഫയൽ/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 19972/AC A1-1/2020/VC SECTION (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 22-Jan-2021 08:34 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം